**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1625** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ കൃഷിശ്രീ സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ബ്ലോക്കിൽ 2021-22 വർഷത്തിൽ ഒരു കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഗുരുവായൂർ മണ്ഡലത്തിലെ ഏതെങ്കിലും ബ്ലോക്കിൽ കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. |
| (സി) | ഗുരുവായൂർ മണ്ഡലത്തിൽ കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; | (സി) | കൃഷിശ്രീ സെന്ററിനായി 25 ച.മീ. ആഫീസ് സൗകര്യവും മെഷിനറി സൂക്ഷിക്കുന്നതിനായി 200 ച.മീ. സ്ഥലവും ലഭ്യമാകത്തക്ക അപേക്ഷ വരുംവർഷങ്ങളിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ഡി) | കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തനം വിശദമാക്കാമോ? | (ഡി) | ബ്ലോക്കുതലത്തിൽ രൂപീകരിക്കുന്ന കാർഷിക സേവന കേന്ദ്രങ്ങളാണ് കൃഷിശ്രീ സെന്ററുകൾ. കർഷകർക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ, വിത്ത്, നടീൽ വസ്തുക്കൾ തുടങ്ങിയവ ലഭ്യമാക്കുക, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, വിതരണം, പ്രോസസിംഗ് (അസംസ്കൃത വസ്തുവിനെ ഉൽപ്പന്നമായി മാറ്റിയെടുക്കുക) തുടങ്ങിയവ നടപ്പിലാക്കുക, കർഷകർക്ക് വേണ്ട യന്ത്രസാമഗ്രികൾ, സേവനങ്ങൾ എന്നിവ സമയാസമയങ്ങളിൽ എത്തിക്കുക തുടങ്ങിയവയാണ് കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്. കാർഷിക സേവനങ്ങളും കാർഷിക കർമ്മസേനാ പ്രവർത്തനങ്ങളും ഹയറിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങളും ഒരു ഏകജാലക സംവിധാനത്തിലൂടെ കർഷകരിൽ എത്തിക്കുക എന്നതാണ് കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തനലക്ഷ്യം. |

സെക്ഷൻ ഓഫീസർ